**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 392** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേനയുള്ള പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേനയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വിശദമായ മറുപടി അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി ഫണ്ടുകൾ എത്രമാത്രം സഹായകമായെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെ പൊതുവിദ്യാലയങ്ങളി<br>ഡിജിറ്റൽ വിദ്യാഭ്യാസം പ്രാവർത്തി<br>മാക്കുന്നതിന് കിഫ്ബി ഫണ്ടുകൾ വള<br>സഹായകമായിരുന്നു. കിഫ്ബി ഫ<br>പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പൊ<br>വിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ച<br>ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷ<br>(കൈറ്റ്) സംസ്ഥാനത്തെ സെക്കന്ററി, ഹയ<br>സെക്കന്ററി ക്ലാസ് മുറികൾ സമ്പൂർണമാ<br>ഡിജിറ്റലാക്കുകയും പ്രൈമറി വിഭാ<br>സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധ<br>നടപ്പിലാക്കുകയും ചെയ്തത്. സംസ്ഥാനത്തെ<br>സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഹൈടെ<br>ആക്കുന്നതിന് കൈറ്റ് 682.06 കോടി രൂ<br>കിഫ്ബി മുഖേന ഇതുവരെ ചെലവഴിച്ചിട്ടു<br>നേരത്തെ വ്യക്തമാക്കിയ പോലെ 'സമഗ്രപ്ലസ്<br>'സമ്പൂർണ', 'സഹിതം' പോർട്ടലുകൾക്ക് പുറ<br>ഇന്ത്യയിലെ സ്കൂൾ കുട്ടികളുടെ ഏറ്റവും വലി<br>ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽകൈറ്റ്<br>പദ്ധതിയ്ക്കും ഈ സംവിധാനങ്ങ<br>പ്രയോജനപ്പെടുത്തുന്നുണ്ട്. ലിറ്റിൽകൈറ്റ്<br>പദ്ധതിയിലൂടെ കൈറ്റ് നടത്തിയ ഡിജിറ്റ<br>വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വികസി<br>രാജ്യങ്ങൾക്ക് വരെ മാതൃകയാണ് എ<br>യുണിസെഫിന്റെ പഠന റിപ്പോർ<br>പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യ<br>ഇന്റലിജൻസ്, ഫാക്ട് ചെക്കിംഗ്, റോബോട്ടി<br>തുടങ്ങിയ നവീന മേഖലകൾ വരെ ഇന്ന് നമ്മു |

| | | | |
|---|---|---|---|
| | | | ഐ.സി.ടി പാഠപുസ്തകത്തിൽ ഇപ്രകാര രാജ്യത്താദ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട് |
| (സി) | സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിൽ കിഫ്ബിയുടെ പങ്ക് വ്യക്തമാക്കാമോ; | (സി) | ഗുണമേന്മയുള്ള വിദ്യാഭ്യാസത്തി- നായുള്ള ശ്രമങ്ങൾക്ക് ഏറെ സഹായകമാണ് മെച്ചപ്പെട്ട ഭൗതികസൗകര്യങ്ങൾ. സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യവികസന കാര്യത്തിൽ വലിയ തോതിൽ മുന്നേറാൻ കിഫ്ബി ഫണ്ട് സഹായകമായി. സംസ്ഥാനത്തെ 973 സർക്കാർ വിദ്യാലയങ്ങളുടെ ഭൗതികസൗകര്യവികസനത്തിന് കിഫ്ബി ധനസഹായം നിർണ്ണായക പങ്ക് വഹിച്ചു. 5കോടി, 3കോടി, 1കോടി കിഫ്ബി ധനസഹായമാണ് പ്രാരംഭഘട്ടത്തിൽ വിഭാവനം ചെയ്തത്. എന്നാൽ റേറ്റ് റിവിഷൻ വന്നതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്ത 3 കോടി ധനസഹായം 3.9 കോടിയായും 1 കോടി എന്നത് 1.3 കോടിയായും വർദ്ധിച്ചിട്ടുണ്ട്. ഏതാണ്ട് 2,565 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി മുഖേന ഭൗതിക സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്.<br><br>കൂടാതെ ഫിഷറീസ് വകുപ്പിലൂടെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന 57 സ്കൂളുകൾക്ക് 66കോടി രൂപ ഭൗതികസൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്. |
| (ഡി) | വിദ്യാലയങ്ങളുടെ കലാകായിക രംഗത്തെ അടിസ്ഥാനസൗകര്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് കിഫ്ബി മുഖേന വരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ഡി) | കലാരംഗവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ പ്രത്യേകം സ്കീമുകളൊന്നും ഇല്ല. കായിക രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖാന്തിരം പൂർത്തീകരിച്ച / നടന്നു വരുന്ന പ്രവർത്തനങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു . |
| (ഇ) | നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ? | (ഇ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി 5 കോടി കിഫ്ബി പദ്ധതിയിൽ 141 സ്കൂളിനും 3 കോടി കിഫ്ബി പദ്ധതിയിൽ 386 സ്കൂളിനും 1കോടി കിഫ്ബി പദ്ധതിയിൽ 446 സ്കൂളിനും ഭരണാനുമതി നൽകിയിരുന്നു. ആകെ അനുവദിച്ച 973 സ്കൂളുകളിൽ 518 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.<br><br>ഇത് കൂടാതെ തീരദേശ മേഖലയിലെ 57 സ്കൂളുകൾക്ക് കിഫ്ബി പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ച് തീരദേശ വികസന കോർപ്പറേഷൻ വഴി നിർമ്മാണം നടന്നു വരുന്നു. ഇതിൽ 47 സ്കൂളുകളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി 5 കോടി കിഫ്ബി പദ്ധതിയിൽ 141 സ്കൂളിനും 3 കോടി കിഫ്ബി പദ്ധതിയിൽ 386 സ്കൂളിനും 1കോടി കിഫ്ബി പദ്ധതിയിൽ 446 സ്കൂളിനും ഭരണാനുമതി നൽകിയിരുന്നു. ആകെ അനുവദിച്ച 973 സ്കൂളുകളിൽ 518 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ഇത് കൂടാതെ തീരദേശമേഖലയിലെ 57 സ്കൂളുകൾക്ക് കിഫ്ബി പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ച് തീരദേശ വികസന കോർപ്പറേഷൻ വഴി നിർമ്മാണം നടന്നു വരുന്നു ഇതിൽ 47 സ്കൂളുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

കിഫ്ബി ഫണ്ടുപയോഗിച്ച് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 16,027 സ്കൂളുകളിൽ 3,74,274 (മൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി ഇരുനൂറ്റി എഴുപത്തി നാല്) ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും 4752 സെക്കന്ററി-ഹയർ സെക്കന്ററി സ്കൂളുകളിലെ 45000 (നാല്പത്തി അയ്യായിരം) ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 11,275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഈ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിയാണ് കോവിഡ് കാലത്തെ ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്തിയത്. ഐ.ടി. ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കം നൽകുന്ന 'സമഗ്ര' പോർട്ടൽ ഇപ്പോൾ 'സമഗ്രപ്ലസ്' എന്ന പേരിൽ പരിഷ്കരിച്ചിട്ടുണ്ട്. ഇതുൾപ്പെടെ പശ്ചാത്തല വികസന-അക്കാദമിക-ഭരണ രംഗത്തെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് നെടുംതൂണായി പ്രവർത്തിച്ചത് കിഫ്ബി ധനസഹായം ഉപയോഗിച്ചുള്ള സ്കീമുകളായിരുന്നു.

പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ ഒരുക്കിയതു വഴി ഒരു തരത്തിലുള്ള വിവേചനവുമില്ലാതെ മുഴുവൻ കുട്ടികൾക്കും പഠനത്തിന്റെ ഭാഗമായി നിർഭയമായി ആധുനിക സാങ്കേതിക ഉപകരണങ്ങൾ പ്രാപ്യമാകുന്ന സാഹചര്യം ഉണ്ടായി.

**സെക്ഷൻ ഓഫീസർ.**

അനുബന്ധം - 2

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പറളി സ്കൂൾ സ്റ്റേഡിയം, പാലക്കാട് | 10 കോടി | സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഫുട്ബോൾ ഗ്രൗണ്ട് | പ്രവൃത്തി 2020 ൽ പൂർത്തീകരിച്ചു. |
| 2 | മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയം, കോഴിക്കോട് | 10 കോടി | ഇൻഡോർ സ്റ്റേഡിയം, 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാചറൽ ഫുട്ബോൾ ടർഫ്, ഔട്ടഡോർ ബാസ്ക്കറ്റ് ബോൾ & വോളിബോൾ കോർട്ട് | പ്രവൃത്തി 2022 ൽ പൂർത്തീകരിച്ചു. |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 കോടി | ഇൻഡോർ സ്റ്റേഡിയം, നാചറൽ ഫുട്ബോൾ ടർഫ്, അമിനിറ്റി സെന്റർ | പ്രവൃത്തി 2020 ൽ പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 4 | നിലമ്പൂർ മിനി സ്റ്റേഡിയം, മലപ്പുറം | 17.26 കോടി | 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ്, ഇൻഡോർ, സ്വിമ്മിംഗ് പൂൾ | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോ 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ് എന്നീ ഘടകങ്ങൾ ആദ്യഘട്ടം എന്ന നിലയ്ക്ക് 2022 ൽ പൂർത്തീകരിച്ചിട്ടുണ്ട്. 14.10.2022 ലെ സർക്കാർ ഉത്തരവ് നം. 267/2022/കാ.യു.വ പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. നിലവിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |
| 5 | താനൂർ, കാട്ടിലങ്ങാടി സ്റ്റേഡിയം കോംപ്ലക്സിന്റെ നിർമ്മാണം | 19.14 കോടി | 4 ലൈൻ 100 മീറ്റർ ട്രാക്ക്, നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, ഗ്യാലറി, പ്രാക്ടീസ് പൂൾ, വോളിബോൾ കോർട്ട് | ട്രാക്ക് ഒഴികെയുള്ള ഘടകങ്ങൾ പൂർത്തിയാക്കി. 16.05.2023 ന് പദ്ധതി ഉദ്ഘാടനം ചെയ്തു. |
| 6 | തിരുവമ്പാടി സ്റ്റേഡിയം, കോഴിക്കോട് | 6.11 കോടി | 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യലറി, ചെയിഞ്ച് റൂം, വോളിബോൾ കോർട്ട്, നിലവിലെ ബിൽഡിംഗിന്റെ നവീകരണം | നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 7 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. പാലക്കാട് | 14.35 കോടി | നാച്ചറൽ ഫുട്ബോൾ ഗ്രൗണ്ട്, പ്രാക്ടീസ് പൂൾ, ചെയിഞ്ച് റൂം, സൈറ്റ് ഡെവലപ്മെന്റ് വർക്ക്, കിണർ | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോ മുഖേന പദ്ധതിയുടെ 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒന്നര വർഷകാലയളവിൽ പ്രവൃത്തിയിൽ പുരോഗതിയൊന്നും ഉണ്ടാകാത്തതിനാൽ 05.02.2025 ൽ ബഹു. കായിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി തീരുമാനിക്കു കയുണ്ടായി. തുടർന്ന് 06.03.2025 തീയതിൽ പദ്ധതിയുടെ അനുബന്ധ രേഖകൾ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി കിറ്റ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 8 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ് , പാലക്കാട് | 15.69 കോടി | 6 ലൈൻ 400 മീറ്റർ അത്ലറ്റിക് ട്രാക്ക്, നാച്ചറൽ ഫുട്ബോൾ ടർഫ് | പ്രവൃത്തി 2022 ൽ പൂർത്തീകരിച്ചു. |
| 9 | കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഗവ.ഹൈ സ്കൂൾ, കോട്ടയം | 25 കോടി | 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, നാച്ചറൽ ഫുട്ബോൾ ടർഫ്, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് പൂൾ, ഹോസ്റ്റൽ | പ്രസ്തുത പദ്ധതിയ്ക്ക് 27.70 കോടിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ സാങ്കേതികാനുമതി 10.02.2025 ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 10 | ധീരജവാൻ ജോമോൻ സ്റ്റേഡിയ നിർമ്മാണം | 16.87 കോടി | 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യാലറി, സൈഡ് ഡെവലപ്മെന്റ് വർക്ക് | 10.85 കോടി രൂപയ്ക്കുള്ള ഡി.പി.ആർ 12.02.2024 ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 11 | കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം | 15.8 കോടി | 8 ലൈൻ അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, സൈഡ് ഡെവലപ്മെന്റ് വർക്ക്, ടോയ്‌ലറ്റ് ബ്ലോക്ക് | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി കിറ്റ്കോ ആണ്. പ്രവൃത്തിയിൽ പുരോഗതിയൊന്നും ഉണ്ടാകാത്തതിനാൽ 05.02.2025 ൽ ബഹു. കായിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി തീരുമാനിക്കു കയുണ്ടായി തുടർന്ന് 06.03.2025 തീയതിൽ പദ്ധതിയുടെ അനുബന്ധ രേഖകൾ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി കിറ്റ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ